**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4626** **10-08-2021 - ൽ മറുപടിയ്ക്ക്**

**ഷൊർണ്ണൂർ മണ്ഡലത്തിലെ പ്രാന്ത പ്രദേശങ്ങളിൽ ബസ് സർവ്വീസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | Shri Antony Raju<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | ഷൊർണ്ണൂർ മണ്ഡലത്തിലെ ഷൊർണ്ണൂർ, ചെർപ്പുളശ്ശേരി ടൗണുകളിലൂടെ മാത്രമാണ് കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസ് നിലവിലുള്ളതെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഷൊർണ്ണൂർ മണ്ഡലത്തിലെ ഷൊർണ്ണൂർ, ചെർപ്പുളശ്ശേരി ടൗണുകൾ കൂടാതെ വാണിയംകുളം പഞ്ചായത്ത് തുടങ്ങിയ പ്രദേശങ്ങളിൽ കൂടിയും കെ.എസ്.ആർ.ടി.സി സർവ്വീസ് നടത്തുന്നുണ്ട്. |
| (ബി) | പ്രസ്തുത മണ്ഡലത്തിലെ നഗരസഭകളുടെയും പഞ്ചായത്തുകളുടെയും പ്രാന്ത പ്രദേശങ്ങളിലൂടെ സുഗമമായ റോഡ് സൗകര്യം ഉണ്ടായിട്ടും ബസ് സർവ്വീസ് നടത്താത്തതിന്റെ കാരണം വിശദമാക്കാമോ; | (ബി) | പെരുന്തൽമണ്ണ – ചെറുകര – തക്കുപാറ – നാട്യമംഗലം, കോപ്പം, മുളയൻകാവ് വഴി ചെർപ്പുളശ്ശേരി എന്ന ഒരു സർവ്വീസ് കെ.എസ്.ആർ.ടി.സി. നടത്തിയിരുന്നു. ടി സർവ്വീസ് വരുമാനക്കുറവും, കോവിഡ് നിയന്ത്രണങ്ങൾ മൂലവും നിലവിൽ ഓപ്പറേറ്റ് ചെയ്യുന്നില്ല. |
| (സി) | ബസ് സർവ്വീസ് ഇല്ലാത്ത റൂട്ടുകളിൽ പുതുതായി സർവ്വീസ് തുടങ്ങുന്നതിനുള്ള നടപടി സ്വീകരിക്കുമോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ? | (സി) | അപേക്ഷകൾ ലഭിക്കുന്ന മുറയ്ക്ക് സാദ്ധ്യതാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ